# പതിനൊന്നാം കേരള നിയമസഭ
## നാലാം സമ്മേളനം
2002 ജൂലായ് 24-ാം തീയതി ബുധനാഴ്ച

(ആകെ ചോദ്യങ്ങൾ -21)

**(616) മൽസ്യത്തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കിയ പുതിയ ക്ഷേമ പദ്ധതികൾ**
**(617) എയർടാക്സി പദ്ധതി**
**(618) കടലാക്രമണം തടയുന്നതിന് ശാശ്വതപരിഹാരം കണ്ടെത്തുന്നതിന് നടപടി**
**(619) വൈദ്യുതി ഉൽപ്പാദന വർദ്ധനവിനുള്ള നടപടികൾ**
**(620) വൈദ്യുതി നയം**
**(621) മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി**
**(622) ആദിവാസി മേഖലയിൽ അയിത്തോച്ചാടന നിയമം പ്രബല്യത്തിൽ കൊണ്ടുവരാൻ നടപടി**
**(623) വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം**
**(624) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ അധികാരങ്ങൾ തിരിച്ചെടുക്കുവാൻ തീരുമാനം**
**(625) ടൂറിസം വികസനത്തിന് സ്വകാര്യ നിക്ഷേപം ആകർഷിക്കുവൻ പരിപാടി**
**(626) പുതിയ തെർമൽ പവർസ്റ്റേഷൻ**
**(627) മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി**
**(628) ആദിവാസി ഊരുകൾ നിലവിലുള്ള സ്ഥലങ്ങളിൽ സ്ഥിരമായ ചികിൽസാസൗകര്യം ഏർപ്പെടുത്തുവാൻ നടപടി**
**(629) ടൂറിസം വാരാഘോഷങ്ങൾ ജില്ലാ ആസ്ഥാനങ്ങളിൽ സംഘടിപ്പിക്കാൻ നടപടി**
**(630) റിവർബേസിൻ അതോറിട്ടിയുടെ ചുമതലകൾ**
**(631) സംസ്ഥാന ടൂറിസം വകുപ്പും കേന്ദ്രടൂറിസം വകുപ്പുമായി ഒപ്പുവച്ച ധാരണാപത്രം**
**(632) അലങ്കാര മത്സ്യകൃഷിയെക്കുറിച്ച് പഠനം**
**(633) സമ്പൂർണ്ണ വൈദ്യുതവൽക്കരണം**
**(634) ആദിവാസി ഊരുകളിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ**
**(635) മത്സ്യത്തൊഴിലാളി മേഖലയിൽ വർദ്ധിച്ചുവരുന്ന പട്ടിണിയും ദാരിദ്ര്യവും പരിഹരിക്കുവാൻ നടപടികൾ**
**(636) വിനോദസഞ്ചാരികളുടെ താമസസൗകര്യം വർദ്ധിപ്പിക്കുവാൻ നടപടി**

### മൽസ്യത്തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കിയ പുതിയ ക്ഷേമ പദ്ധതികൾ

616. ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി 2001-2002, 2002-2003 വർഷങ്ങളിലെ ബഡ്ജറ്റുകളിൽ എന്തു തുകയാണ് വകയിരുത്തിട്ടുള്ളത്;

(ബി) പ്രസ്തുത തുക എന്തെല്ലാം ക്ഷേമ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൽസ്യത്തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും പുതുതായി എന്തെല്ലാം ക്ഷേമപദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(ഡി) നാളിതുവരെ വിവിധക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി എന്ത് തുക ചെലവഴിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ?

**ഉത്തരം**

**പ്രൊഫ. കെ. വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) :-**

(എ) 2001-2002 വർഷത്തേക്ക് 2605.99 ലക്ഷം രൂപയും 2002-03 വർഷത്തേക്ക് 2140 ലക്ഷം രൂപയും ആണ് വകയിരുത്തിയിട്ടുള്ളത്.

(ബി) താഴെ പറയുന്ന ക്ഷേമ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാനാണ് പ്രസ്തുത തുക വക കൊള്ളിച്ചിരിക്കുന്നത്.

1. ഗ്രാമീണ മത്സ്യതൊഴിലാളി സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനം
2. ഫിഷറീസ് സ്ക്കൂളുകളുടെ പ്രവർത്തനത്തിന്

3. സംപാദ്യ സമാശ്വാസ പദ്ധതിക്ക്
4. എൻ.എഫ്. ഡബ്ള്യൂ.എ. ഹൗസിംഗ് സ്കീം
5. ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം
6. എൻ.ബി.സി.എഫ്.ഡി.സി./എൻ.എം.ഡി.എഫ്.സി. എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് സംസ്ഥാന ധനസഹായം
7. മത്സ്യതൊഴിലാളി സ്ത്രീകളുടെ സ്വയം തൊഴിൽ സഹായ പദ്ധതി
8. മത്സ്യതൊഴിലാളി ഭവനങ്ങൾക്കുള്ള കക്കൂസ് നിർമ്മാണം
9. മത്സ്യതൊഴിലാളി ഭവനങ്ങൾ വൈദ്യുതീകരിക്കൽ
10. വ്യത്യസ്ത തൊഴിൽ അവസരങ്ങളും തൊഴിൽ പരിശീലനങ്ങളും.
11. തീരദേശ സാമൂഹ്യ സൗകര്യങ്ങളുടെ വികസനം
12. മത്സ്യതൊഴിലാളി കുടുംബത്തിലെ കുട്ടികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ
13. മത്സ്യതൊഴിലാളി ക്ഷേമനിധിയിലേയ്ക്കുള്ള വിഹിതം

മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിലൂടെ മത്സ്യതൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും താഴെ പറയുന്ന ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നു.

(എ) <u>**മത്സ്യതൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതികൾ**</u>

1. മത്സ്യതൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്ക് ധനസഹായം
2. വിവാഹ ധനസഹായം
3. വാർദ്ധക്യകാല പെൻഷൻ
4. ആശ്രിതരുടെ മരണത്തോടനുബന്ധിച്ച് ചിലവുകളിലേക്കുള്ള ധനസഹായം
5. താത്ക്കാലിക അവശതയ്ക്ക് ധനസഹായം
6. മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നോലെയോ അപകടം കൊണ്ടാല്ലാതെയുള്ള മരണം
7. ബോർഡിന്റെ പ്രത്യേക ധനസഹായം
8. കുടുംബ സംവിധാനം
9. എസ്.എസ്.എൽ.സി. (സ്കോളർഷിപ്പ്)
10. രോഗ ചികിത്സാ ധനസഹായം
11. അവശതാ പെൻഷൻ
12. ചെയർമാൻസ് റിലീഫ് ഫണ്ട്.
13. സാനിറ്റേഷൻ പദ്ധതി
14. പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായം
15. ഗൈഡൻസ് സെന്റർ
16. ഇൻഷ്വറൻസ് പദ്ധതി പ്രകാരം കോംപൻസേഷൻ
17. വിധവാ പെൻഷൻ
18. ഉന്നത വിദ്യാഭ്യാസം
19. ആശുപത്രി ചികിത്സാ ചിലവിലേയ്ക്കായി ധനസഹായം
20. ബോധവൽക്കരണം

(ബി) <u>**അനുബന്ധത്തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികൾ**</u>

1. അനുബന്ധത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്ക് ധനസഹായം
2. പ്രസവ ശുശ്രൂഷാ ധനസഹായം
3. ഇൻഷ്വറൻസ് പദ്ധതി പ്രകാരം കോംപൻസേഷൻ
4. വാർദ്ധക്യകാല പെൻഷൻ
5. എസ്.എസ്.എൽ.സി. (സ്കോളർഷിപ്പ്)
6. ആശുപത്രി ചികിത്സാ ധനസഹായം

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മത്സ്യത്തൊഴിലാളി മേഖലയിൽ നടപ്പിലാക്കിയിട്ടുള്ള ക്ഷേമപദ്ധതികൾ താഴെ പറയുന്നു.

1. മത്സ്യത്തൊഴിലാളി മേഖലയിൽ ആശ്വാസ നടപടികൾക്കായി പ്രത്യേക പാക്കേജ് പദ്ധതിയിൽപ്പെടുത്തി 15 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു.
2. വനിതാ മത്സ്യത്തൊഴിലാളികളെ കൂടി നിലവിലുള്ള സംപാദ്യ സമാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) പുതിയ പദ്ധതികൾക്ക് നാളിതുവരെ ചെലവുകൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല. വിവിധ ക്ഷേമ പദ്ധതികൾക്കായി 2001–02 കാലയളവിൽ 2393.19 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## <u>എയർടാക്സി പദ്ധതി</u>

617. ശ്രീ. ബിനോയ് വിശ്വം :

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :

ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രധാന വിനോദ സഞ്ചാര മേഖലകളെ കോർത്തിണക്കി എയർടാക്സി പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ മേഖലയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

**ഉത്തരം**

**പ്രൊഫ. കെ. വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) :-**

(എ) പരിഗണിച്ചുവരുന്നു.

(ബി) ഇതിനുവേണ്ടിയുള്ള പ്രാരംഭ ചർച്ചകൾ നടന്നുവരുന്നുണ്ട്. കോവളം, മൂന്നാർ, കുമരകം, തേക്കടി, എറണാകുളം എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് എയർടാക്സി നടത്തുവാനാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുന്നത്.

(സി) സ്വകാര്യമേഖലയിലുള്ള എയർടാക്സി ഓപ്പറേറ്റർമാരുമായി സഹകരിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതിയെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനും നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിനും വേണ്ട ചർച്ചകൾ നടന്നു വരുന്നതേയുള്ളൂ.

## കടലാക്രമണം തടയുന്നതിന് ശാശ്വതപരിഹാരം കണ്ടെത്തുന്നതിന് നടപടി

618. ശ്രീ. കെ. കെ. ഷാജു :

ശ്രീ. ഉമേഷ് ചള്ളിയിൽ :

ശ്രീ. എ.എൻ. രാജൻ ബാബു :

ശ്രീ. ജോണി നെല്ലൂർ :

ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽ ഭിത്തി നിർമ്മാണം, കടലാക്രമണം തടയുന്നതിന് ശാശ്വതപരിഹാരമല്ലെന്ന വിദഗ്ദ്ധാഭിപ്രായം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കടലാക്രമണം തടയുന്നതിനുള്ള മറ്റു ശാസ്ത്രീയ മാർഗ്ഗങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടന്നിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഇല്ലെങ്കിൽ പഠനം നടത്തി കടലാക്രമണം ശാശ്വതമായി നേരിടുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി) :-**

(എ) ഇല്ല.

(ബി) (സി) ആന്റ് (ഡി) പൂനയിലുള്ള സെൻട്രൽ വാട്ടർ പവർ റിസർച്ച് സ്റ്റേഷൻ (സി.ഡബ്ല്യൂ.പി.ആർഎസ്.) എന്ന കേന്ദ്ര സർക്കാർ സ്ഥാപനം അംഗീകരിച്ചിട്ടുള്ള കടൽഭിത്തി നിർമ്മാണ രീതിയും അവർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന മാറ്റങ്ങളും ഉൾകൊണ്ടാണ് കേരളത്തിൽ കടൽ ഭിത്തി നിർമ്മിക്കുന്നത്. മികവ് അവകാശപ്പെടുന്ന വിദേശ സാങ്കേതിക രീതികളായ സ്റ്റാബിപ്ളാഷ് ആലപ്പാട് തീരത്തും ഏ.എസ്.ആർ. റീഫ് വലിയതുറയിലും ഹൈസൺ സെൽസ് ആലപ്പുഴ ജില്ലയിലെ കടൽ തീരത്തും പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. കൂടുതൽ പഠനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

## വൈദ്യുതി ഉൽപ്പാദന വർദ്ധനവിനുള്ള നടപടികൾ

619. ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :

ശ്രീ. ഇ. എം. അഗസ്തി :

ശ്രീ. എൻ. ഡി. അപ്പച്ചൻ :

ശ്രീ. ടി. വി. ചന്ദ്രമോഹൻ :

ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം പ്രതിവർഷം എത്ര വീതം വർദ്ധിക്കുന്നു;

(ബി) ഈ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ അടുത്ത പത്തുവർഷം കൊണ്ട് വൈദ്യുതി ഉൽപാദനം എത്ര കണ്ട് വർദ്ധിപ്പിക്കണം ;

(സി) അതിന് എന്ത് നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നു?

<u>ഉത്തരം</u>

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി) :-**

(എ) കഴിഞ്ഞ 5 വർഷത്തെ കണക്കനുസരിച്ച് ഉപഭോക്താക്കളുടെ എണ്ണം പ്രതിവർഷം ശരാശരി 3.6 ലക്ഷം വീതം വർദ്ധിക്കുന്നു.

(ബി) 16-ാം പവർ സർവ്വേ പ്രകാരം അടുത്ത പത്തുവർഷം കൊണ്ട് 3000-ത്തോളം മെഗാവാട്ട് കൂടുതൽ വൈദ്യുതി ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

(സി) സംസ്ഥാനത്തിനകത്ത് ജലവൈദ്യുതിയുടെയും താപവൈദ്യുതിയുടെയും ഉൽപ്പാദനം വർദ്ധിപ്പിച്ചും പാരംപര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിച്ചും ന്യായമായ നിരക്കിൽ കേന്ദ്ര പൂളിൽ നിന്നും കൂടുതൽ വൈദ്യുതി ലഭ്യമാക്കിയും ഈ ആവശ്യം നിറവേറ്റാൻ ഉദ്ദേശിക്കന്നു.

## <u>വൈദ്യുതി നയം</u>

620. ശ്രീ. സാജു പോൾ :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വൈദ്യുതി നയം വ്യക്തമാക്കുമോ;

(ബി) ഇലക്ട്രിസിറ്റി ബോർഡ് നൽകിവരുന്ന സബ്സിഡികൾ തുടരണമെന്ന ഉപഭോക്തക്കളുടെ ആവശ്യം സർക്കാർ പരിഗണിക്കുമോ?

<u>ഉത്തരം</u>

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി) :-**

(എ) ഈ സർക്കാർ പ്രത്യേക നയപ്രഖ്യാപനമൊന്നും ഈ വിഷയത്തിൽ നടത്തിയിട്ടില്ല. എന്നാൽ ഗുണമേന്മയുള്ള വൈദ്യുതി ന്യായമായ നിരക്കിൽ ഉപഭോക്താക്കൾക്ക് ആവശ്യമായ അളവിൽ എത്തിക്കുക എന്നത് സർക്കാരിന്റെ പൊതുനയമാണ്. ജലവൈദ്യുത പദ്ധതികൾക്ക് പ്രാമുഖ്യം നൽകുകയും, പ്രസരണ നഷ്ടം കുറയ്ക്കുകയും, വിതരണ രംഗത്ത് മോഷണം തടഞ്ഞ് വിതരണ രംഗം പുഷ്ടിപ്പെടുത്തുകയും ചെയ്യുന്നത് സർക്കാരിന്റെ ലക്ഷ്യമാണ്. കൂടാതെ വൈദ്യുതി ബോർഡിനെ കടകെണിയിൽ നിന്നും രക്ഷിച്ച് ഒരുത്തമ പൊതുമേഖലാ സ്ഥാപനമാക്കുകയെന്നതും ലക്ഷ്യമാണ്.

(ബി) ഇലക്ട്രിസിറ്റി ബോർഡ് പ്രത്യേകമായി സബ്സിഡികൾ നൽകി വരുന്നില്ല. സർക്കാർ ആണ് സബ്സിഡികൾ നൽകുന്നത്. ആയത് തുടരുന്നത് സംബന്ധിച്ച കാര്യങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

## <u>മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി</u>

621. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. ടി. എച്ച്. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഭവനനിർമ്മാണ പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളത്;

(സി) സംസ്ഥാനത്തെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും സ്വന്തമായി വീട് നിർമ്മിച്ചു നൽകുവാൻ ഉദ്ദേശ്യമുണ്ടോ;

(ഡി) ഘട്ടം ഘട്ടമായി ഈ ലക്ഷ്യം സാധിക്കുന്നതിനുള്ള എന്തെങ്കിലും പരിപാടി ഗവൺമെന്റിനുണ്ടോ;

(ഇ) എങ്കിൽ വിശദാംശം നൽകുമോ?

**<u>ഉത്തരം</u>**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ 50% ധനസഹായത്തോടെയുള്ള ഭവനനിർമ്മാണപദ്ധതിയാണ് നിലവിലുള്ളത്.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) സംസ്ഥാനത്തെ അർഹതപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് അഞ്ചു വർഷങ്ങൾകൊണ്ട് 40,000 ഭവനങ്ങൾ നിർമ്മിക്കുന്നതിന് 200 കോടി രൂപ വകയിരുത്തിയിട്ടുള്ള ഒരു ബൃഹത് പദ്ധതിക്ക് രൂപം നൽകിവരുന്നു. കൂടാതെ ദേശീയ മത്സ്യത്തൊഴിലാളിക്ഷേമനിധിയുടെ ധനസഹായത്തോടെയുള്ള ഭവനനിർമ്മാണ പദ്ധതിയും തുടരുന്നതാണ്. ഇതിനായി ഈ വർഷം 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അധിക സാമ്പത്തിക സഹായത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന 15 കോടി രൂപയുടെ പദ്ധതിയിൽപ്പെടുത്തി 4500 വീടുകൾ പുതുക്കി പണിയുന്നതിന് വീടൊന്നിന് 20,000/- രൂപ ധനസഹായം നൽകുന്നതിനും ഉദ്ദേശ്യമുണ്ട്.

## <u>ആദിവാസി മേഖലയിൽ അയിത്തോച്ചാടന നിയമം പ്രബല്യത്തിൽ കൊണ്ടുവരാൻ നടപടി</u>

622. ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. പി. ജയരാജൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക -പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി മേഖലയിൽ ജാതിവ്യവസ്ഥയും അയിത്തവും വീണ്ടും സജീവമായിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അയിത്തോച്ചാടന നിയമം പ്രാബല്യത്തിൽ കൊണ്ടുവരാൻ വേണ്ടിയുള്ള ഘടകം രൂപീകരിക്കാൻ പദ്ധതിക്ക് തന്നാണ്ടിൽ ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ട്; ഇതിനകം ചെലവാക്കിയത് എത്ര;

(സി) പട്ടികജാതിക്കാർക്കെതിരെ തൊട്ടുകൂടായ്മ ആചരിക്കുന്നതിന്റെ ഭൂഷ്യവശങ്ങൾ ഉയർത്തിക്കാട്ടാൻ ഡോക്യുമെന്ററികൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടായിരുന്നുവോ; എങ്കിൽ ഇതിനകം എത്ര ഡോക്യുമെന്ററികൾ നിർമ്മിക്കുകയുണ്ടായി;

(ഡി) സാമൂഹിക ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ ഭാഗമായി എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**ഡോ. എം. എ. കുട്ടപ്പൻ (പിന്നോക്ക -പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി) :-**

(എ) ഇല്ല.

(ബി) പട്ടികാതി വികസന വകുപ്പിൽ അയിത്തോച്ചാടന നിയമം പ്രാബല്യത്തിൽ കൊണ്ടുവരാൻ വേണ്ടിയുള്ള ഘടകം രൂപീകരിക്കാൻ പദ്ധതിക്കായി ഈ സാമ്പത്തിക വർഷം ആകെ 115 ലക്ഷ രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. അതിൽ നിന്ന് 30-6-2002 വരെ 3,42,543 രൂപ ചെലവായിട്ടുണ്ട്.

(സി) ഇല്ല.

(ഡി) സാമൂഹിക ഐക്യദാർഢ്യപക്ഷാചരണത്തിന്റെ ഭാഗമായി പട്ടികജാതി വികസന വകുപ്പ് താഴെ പറയുന്ന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

1. നാടൻ കലാമേള
2. പ്രദർശന വിപണനമേള
3. പക്ഷാചരണത്തിന്റെ ഉൽഘാടനത്തോടും സമാപനത്തോടും അനുബന്ധിച്ച് സംസ്ഥാന തലത്തിലും ജില്ലാ തലങ്ങളിലും സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ള സമുന്നതരായ വ്യക്തികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സാംസ്കാരിക സമ്മേളനങ്ങൾ
4. പാരംപര്യ വൈദ്യൻമാരുടെ വംശീയ ചികിത്സയും ഭക്ഷ്യമേളയും

5. സംസ്ഥാന/ ജില്ല/ ബ്ളോക്ക്/ മുനിസിപ്പാലിറ്റി തലത്തിൽ ഐക്യദാർഢ്യസന്ദേശയാത്രകൾ, സമ്മേളനങ്ങൾ വിവിധ മതനേതാക്കൻമാരെ പങ്കെടുപ്പിച്ച് കൊണ്ടുള്ള പൊതു യോഗങ്ങൾ.
6. പട്ടികജാതി കോളനികളിൽ മെഡിക്കൽ ക്യാംപുകൾ

ഈ വർഷത്തെ ഐക്യദാർഢ്യപക്ഷാചരണ പരിപാടികൾക്ക് അന്തിമ രൂപ നൽകി വരുന്നതേയുള്ളു.

## വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം

623. ശ്രീ. പിരപ്പൻകോട് മുരളി:
ശ്രീ. ടി.കെ. ബാലൻ:
ശ്രീ. വി. ചെന്താമരാക്ഷൻ:
ശ്രീ. ടി.പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) വോൾട്ടേജ് ഇംപ്രൂവ്മെൻറ് പ്രേഗ്രാം അനുസരിച്ച് ബോർഡ് നടപ്പിലാക്കിയ പരിപാടികൾ എന്തൊക്കെയാണ്;

(ബി) ഈ പ്രേഗ്രാമിന്റെ ഭാഗമായി തദ്ദേശ സ്വംയഭരണ സ്ഥാപനങ്ങൾ പണമടച്ചിട്ടും പണികൾ തീർക്കാത്ത എത്ര കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പണമടച്ച് പണികൾ വേഗത്തിൽ ചെയ്തു തീർക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഇക്കാര്യത്തിൽ കൂടുതൽ ബന്ധപ്പെടുത്തുവാൻ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പു മന്ത്രി):-**

(എ) സബ്സ്റ്റേഷനുകൾ പണിയുക, 11 കെ.വി. ലൈനുകൾ നിർമ്മിക്കുക, എൽ.ഡി ലൈനുകൾ നിർമ്മിക്കുക, ട്രാൻസ്ഫോർമറുകളും കപ്പാസിറ്ററുകളും സ്ഥാപിക്കുക, നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുക, സിംഗിൾ ഫേസ് ലൈനുകൾ ത്രീഫേസ് ആക്കുക എന്നിവയാണ് വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമിൽ നടത്തി വരുന്നത്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പണമടച്ചിട്ടുള്ള 22 വർക്കുകൾ ചെയ്യാനായി ബാക്കിയുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) തദ്ദേശസ്വയഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, ചെയർമാൻ അല്ലെങ്കിൽ മേയർ അദ്ധ്യക്ഷനായും മറ്റ് മെംപർമാർ അംഗങ്ങളായും രൂപീകൃതമായിട്ടുള്ള ലോക്കൽ അഡ്വൈസറി കമ്മിറ്റികളിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം ഉൾപ്പെടെ അതാത് സെക്ഷനുകളിലെ വൈദ്യുതി സംബന്ധമായ എല്ലാവിഷയങ്ങളും അവലോകനം ചെയ്യാനും ആവശ്യമായ നടപടികൾ നിർദ്ദേശിക്കാനും സാധിക്കുന്നതാണ്.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ അധികാരങ്ങൾ തിരിച്ചെടുക്കുവാൻ തീരുമാനം

624. ശ്രീ. കെ. രാധാകൃഷ്ണൻ:
ശ്രീ. കെ.വി. കുഞ്ഞിരാമൻ:
ശ്രീ. വി.കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) പട്ടികജാതി വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി പ്രത്യേക ഘടക പദ്ധതി(എസ്.സി.പി) അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ അധികാരങ്ങൾ തിരിച്ചെടുക്കുവാൻ എസ്.സി/എസ്.ടി. വികസന വകുപ്പ് നടപടികൾ തുടങ്ങിയോ; എങ്കിൽ എന്തെല്ലാം നടപടികൾ എന്ന് വ്യക്തമാക്കുമോ;

(ബി) പട്ടികജതി വികസന പ്രവർത്തനങ്ങൾ ഉദ്യോഗസ്ഥ തലത്തിൽ മതിയെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(സി) 200–2003 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് എസ്.സി.പി മുഖാന്തിരം ത്രിതല സംവിധാനം വഴി നടപ്പാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വെളിപ്പെടുത്താമോ?

**ഉത്തരം**

**ഡോ. എം.എ. കുട്ടപ്പൻ(പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പു മന്ത്രി):-**

(എ) പട്ടികജാതി വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി പ്രത്യേക ഘടക പദ്ധതി അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ അധികാരങ്ങൾ തിരിച്ചെടുക്കുന്നതിന് യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ല.

(ബി)ഇല്ല.

(സി) 200–2003 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസനത്തനായി ത്രിതല സംവിധാനത്തിലൂടെ ഗ്രാന്റ് ഇൻ എയ്ഡ് ഇനത്തിൽ 249.99 കോടി രൂപയും തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറിയ പദദ്ധതിപ്രകാരം 7.05 കോടി രൂപയും ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്നു.

## ടൂറിസം വികസനത്തിന് സ്വകാര്യ നിക്ഷേപം ആകർഷിക്കുവൻ പരിപാടി

625. ശ്രീ. ബി. വിജയകുമാർ:
ശ്രീ. എ.കെ. മണി:
ശ്രീ. പി.ടി. തോമസ്:
ശ്രീ. ടി.എച്ച്. മുസ്തഫ:
ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ടൂറിസം വികസനത്തിന് സ്വകാര്യ നിക്ഷേപം ആകർഷിക്കുവാൻ പരിപാടിയുണ്ടോ;

(ബി) എങ്കിൽ ഈ രംഗത്ത് എന്തെല്ലാം കാര്യത്തിനാണ് സ്വകാര്യ നിക്ഷേപം അനുവദിക്കുന്നത്;

(സി) ഈ ഗവൺമെന്റ് നിലവിൽവന്നശേഷം വിനോദസഞ്ചാര വികസന രംഗത്ത് എന്തു തുകയുടെ സ്വകാര്യ നിക്ഷേപം ഉണ്ടായിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**പ്രൊ. കെ.വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുകയും മത്സരാധിഷ്ഠിതമായ ഒരന്തരീക്ഷത്തിൽ സ്വന്തം കഴിവിനനുസരിച്ച് വളരാൻ സ്വകാര്യ മേഖലയെ പ്രോൽസാഹിപ്പിക്കുകയും ചെയ്യും. ടൂറിസം മേഖലയിൽ വിദേശ ഇൻഡ്യാക്കാരുടെ നിക്ഷേപം പ്രോത്സാഹിപ്പിക്കുവാൻ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. സംസ്ഥാനത്തിനകത്തുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡ്, ആകാശം വഴിയുള്ള ഗതാഗത പദ്ധതികൾ എന്നിവ ഏറ്റെടുക്കാൻ നിക്ഷേപകരെ പ്രോൽസാഹിപ്പിക്കുക എന്ന പരിപാടികളും ഉദ്ദേശിക്കുന്നുണ്ട്. 2002 നവംബറിൽ കൊച്ചിയിൽ നടക്കുന്ന ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ സ്വകാര്യ നിക്ഷേപകരെ ആകർഷിക്കുന്നതിന് വേണ്ടി നിരവധി പ്രോജക്ടുകൾ ചർച്ചാവിഷയമാക്കുന്നുണ്ട്. കൊച്ചിയിലെ വാട്ടർ സ്പോർട്സ്, കാപ്പാട് ബീച്ച് വികസനം ആലപ്പുഴ-കുമരകം പ്രദേശങ്ങളിൽ അമ്യൂസ്മെന്റ് പാർക്ക് തുടങ്ങി നിരവധി പ്രോജക്ടുകൾ പ്രസ്തുത മീറ്റിൽ ചർച്ച ചചെയ്യപ്പെടും.

(സി) കഴിഞ്ഞ വർഷം 500 കോടി രൂപയുടെ സ്വകാര്യ നിക്ഷേപം ഉണ്ടായിട്ടുള്ളതായി കണക്കാക്കപ്പെടുന്നു.

## പുതിയ തെർമൽ പവർസ്റ്റേഷൻ

626. ശ്രീ. പി.സി. ജോർജ്:
ശ്രീ. ടി.പി. രാമകൃഷ്ണൻ:
ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) പുതിയ തെർമൽ പവർസ്റ്റേഷനുവേണ്ടി സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും എത്ര മെഗാവാട്ട് ഉൽപ്പാദനശേഷിയുടേതാണ് അതെന്നും വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) കാസർഗോഡ് ജില്ലയിലെ മൈലാടിയിൽ 107 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഒരു താപനിലയം സ്ഥാപിക്കുന്നതിനായി ഡി.സി. പവർ ലിമിറ്റഡുമായി പവർ പർച്ചേസ് എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്. കൂടാതെ താഴെപറയുന്ന സ്വകാര്യ സംരംഭകരുമായി ഇൻഡിക്കേറ്റീവ് പവർ പർച്ചേസ് എഗ്രിമെന്റും ഒപ്പുവച്ചിട്ടുണ്ട്.

1. സിയാസിൻ എനർജി ലിമിറ്റഡ്(679 മെഗാവാട്ട്) വൈപ്പിൻ.
2. കണ്ണൂർ പവർ പ്രോജക്ട് ലിമിററഡ് (513 മെഗാവാട്ട്) കണ്ണൂർ
3. ഫിനോലക്സ് എനർജി കോർപ്പറേഷൻ ലിമിറ്റഡ് (459 മെഗാവാട്ട്)-കാസർഗോഡ്.
4. സി.പി.എൽ പവർ പ്രോജക്ട്സ് (കേരള) ലിമിറ്റഡ് (500 മെഗാവാട്ട്)-കാസർഗോഡ്.
5. പാലക്കാട് പവർ ജനറേറ്ററിങ്ങ് കമ്പനി (330 മെഗാവാട്ട്)-പാലക്കാട്.

## മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി

627. ശ്രീ. മഞ്ഞളാംകുഴി അലി:
ഡോക്ടർ തോമസ് ഐസക്:
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ളവയുടെ സൗകര്യങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള, ഫിഷറീസ് വകുപ്പിൻകീഴിലുള്ള പുതിയ വിദ്യാഭ്യാസ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(സി) ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂളുകൾ ഓരോന്നിലും എത്ര കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; പൂർണ്ണതോതിൽ കുട്ടികളെ പ്രവേശിപ്പിച്ച് പഠിപ്പിക്കുന്നുണ്ടോ;

(ഡി) ഫിഷറീസ് ഹൈസ്ക്കൂളുകളുടെ ഭൗതികസൗകര്യങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്താവുന്ന രീതിയിൽ കുട്ടികളെ പ്രവേശിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഇ) കാലിക പ്രാധാന്യമുള്ള കോഴ്സുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**പ്രൊ. കെ.വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) ഈ അദ്ധ്യായനവർഷം മുതൽ കമ്പ്യൂട്ടർ പഠനം പാഠ്യദ്ധതിയുടെ ഭാഗമാക്കാനുള്ള നടപടി കൈക്കൊണ്ടുവരുന്നു. കരുനാഗപ്പള്ളി ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്ക്കൂളിൽ വൊക്കേഷണൽ ഹയർ സെക്കന്ററി തലത്തിൽ ഫിഷ് പ്രോസസിംഗ് കോഴ്സും ഈ അദ്ധ്യയന വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്.

(സി) ഓരോ സ്റ്റാൻഡേർഡിലും 40 കുട്ടികളെ വരെ പ്രവേശിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ട്. എന്നാൽ ബേപ്പൂർ, അഴീക്കൽ എന്നിവിടങ്ങളിലെ സ്ക്കൂളുകളിൽ കഴിഞ്ഞ ഏതാനും വർഷമായി കുട്ടികളുടെ എണ്ണത്തിൽ കുറവു വന്നിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചു വരുന്നു.

(ഇ). നടപടി സ്വീകരിച്ചിട്ടുണ്ട്.

## ആദിവാസി ഊരുകൾ നിലവിലുള്ള സ്ഥലങ്ങളിൽ സ്ഥിരമായ ചികിൽസാസൗകര്യം ഏർപ്പെടുത്തുവാൻ നടപടി

628. ശ്രീ. എം. മുരളി:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. ടി.എൻ. പ്രതാപൻ:
ശ്രീ. അടൂർ പ്രകാശ്:

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ആദിവാസി കോളനികളിൽ ചികിൽസയെത്തിക്കുവാൻ എന്തെങ്കിലും പരിപാടിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) അടുത്തടുത്ത് ആദിവാസി ഊരുകൾ നിലവിലുള്ള സ്ഥലങ്ങളിൽ സ്ഥിരമായ ചികിൽസാ സൗകര്യം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ഡോ. എം.എ. കുട്ടപ്പൻ(പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പു മന്ത്രി):-**

(എ) ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ 17 ആയുർവേദ ഡിസ്പെൻസറികൾ, ഒരു ആയുർവേദ ആശുപത്രി, 2 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, 5 എ.എൻ.എം. സെന്ററുകൾ എന്നിവയും പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ പട്ടികവർഗ്ഗ മേഖലകളിൽ 69 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ, 269 സബ്സെന്ററുകൾ, 11 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ എന്നിവയും ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിക്കൽ വകുപ്പിന്റെ കീഴിൽ ആയുർവേദ ഡിസ്പെൻസറുകളും, ഹോമിയോ വകുപ്പിന്റെ കീഴിൽ ഹോമിയോ ഡിസ്പെൻസറികളും പ്രവർത്തിച്ചു വരുന്നു. പട്ടിക വർഗ്ഗക്കാർക്ക് അടിയന്തിര ചികിൽസ ലഭ്യമാക്കുന്നതിന് ഗ്രമപഞ്ചായത്തുകൾ മുഖേനയും വൻതുക വേണ്ടി വരുന്നവർക്ക് മന്ത്രിയുടെ പ്രത്യേക ചികിൽസാ ധനസഹായവും അനുവദിച്ചു വരുന്നു. പട്ടിക വർഗ്ഗക്കാർക്കിടയിൽ കണ്ടുവരുന്ന സിക്കിൾസെൽ, അനീമിയ, ക്ഷയം, കുഷ്ഠം എന്നീ രോഗങ്ങൾ ബാധിച്ചവരുടെ ചികിൽസയ്ക്കും പുനരധിവാസത്തനും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ധനസഹായം അനുവദിച്ചു വരുന്നുണ്ട്.

(ബി) അടുത്തടുത്ത് ആദിവാസി ഊരുകൾ നിലവിലുള്ള സ്ഥലങ്ങ്ങളിൽ സ്ഥിരമായ ചികിൽസാസൗകര്യം ഇപ്പോൾത്തന്നെ ഏർപ്പെടുത്തിയിട്ടുണ്ട്. വിശദവിവരം മുൻ മറുപടിയിലുണ്ട്. കൂടാതെ ഇടുക്കി ഹെൽത്ത് പ്രോജക്ടിന് കീഴിൽ പട്ടികർഗ്ഗക്കാർ തിങ്ങിപ്പാർക്കുന്ന കുട്ടംപുഴ പഞ്ചായത്തിലെ പൂയംകുട്ടിയിലും ഇടുക്കി ജില്ലയിലെ വെള്ളക്കയം, ഇളംപ്ലാശ്ശേരി, കോവിൽക്കടവ് എന്നീ പട്ടികവർഗ്ഗ പ്രദേശങ്ങളിൽ ഒ.പി. ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നുണ്ട്.

## <u>ടൂറിസം വാരാഘോഷങ്ങൾ ജില്ലാ ആസ്ഥാനങ്ങളിൽ സംഘടിപ്പിക്കാൻ നടപടി</u>

629. ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. ടി.പി.എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

ഓണാഘോഷത്തോടനുബന്ധിച്ചുള്ള ടൂറിസം വാരാഘോഷങ്ങൾ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**പ്രൊ. കെ.വി. തോമസ് (ഫിഷറീസും, വിനോദസഞ്ചാരവും വകുപ്പു മന്ത്രി):-**

ഓണാഘോഷത്തോടനുബന്ധിച്ചുള്ള ടൂറിസം വാരാഘോഷങ്ങൾ തിരുവനന്തപുരത്തിനു പുറമേ എല്ലാ ജില്ലാ ആസ്ഥാനങ്ങ്ങളിലും സംഘടിപ്പിച്ചുവരുന്നുണ്ട്.

## <u>റിവർബേസിൻ അതോറിട്ടിയുടെ ചുമതലകൾ</u>

630. ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ:
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാന നദികളുടെ നദീതട-സംരക്ഷണ-വികസനത്തിനായി സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) റിവർബേസിൻ അതോറിട്ടിയുടെ ചുമതലകൾ എന്തൊക്കെ യായിരിക്കണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

**ഉത്തരം**

**ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) കേന്ദ്രഗവൺമെന്റ് ലെള്ളപ്പൊക്കമുണ്ടാകുന്ന നദികളുടെ സംരക്ഷണത്തിനായി ഒരു സ്കീം ആവിഷ്ക്കരിക്കുകയുണ്ടായി. ഈ സ്കീമിൽ ഉൾപ്പെടുത്തുവാനായി 20 പദ്ധതികൾ കണ്ടെത്തി പ്രോജക്ട് റിപ്പോർട്ടുകൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ അടങ്കൽതുക 3278.75 ലക്ഷം രൂപയാണ്. ഈ സ്കീമുകൾ ഇപ്പോൾ കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

**സംസ്ഥാന ടൂറിസം വകുപ്പും കേന്ദ്രടൂറിസം വകുപ്പുമായി ഒപ്പുവച്ച ധാരണാപത്രം**

631. ശ്രീ. എൻ. രാജൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ടൂറിസം വകുപ്പ് കേന്ദ്രടൂറിസം വകുപ്പുമായി എന്തെങ്കിലും ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ ;

(ബി) കെ.ടി.ഡി.സി.യും ഐ.ടി.ഡി.സി.യും യോജിച്ച് സംരംഭങ്ങൾ തുടങ്ങുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് ഒപ്പുവച്ചിട്ടുള്ള ധാരണാപത്രത്തിലെ പ്രധാന വ്യവസ്ഥകളും പദ്ധതികളും ഏതൊക്കെയാണെന്ന് വിശദമാക്കാമോ ?

**ഉത്തരം**

**പ്രൊഫ. കെ.വി.തോമസ്(ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി):-**

(എ) ഇല്ല.

(ബി) വിനോദസഞ്ചാര വികസനത്തിനായി കെ.ടി.ഡി.സി.യും ഐ.ടി.ഡി.സി.യുമായി ഒരു ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. വിപണന സേവനങ്ങൾ ഉപയോഗപ്പെടുത്തുക, വിനോദസഞ്ചാരവികസനത്തിനായുള്ള യാത്രാസൗകര്യങ്ങൾ, പ്രചരണം, മാനവ വിഭവശേഷി വികസനം, സാഹസിക ടൂറിസം, ടൂറിസം പദ്ധതികളുടെ കൺസൾട്ടൻസിയും നടപ്പാക്കലും, പുരാതന സ്മാരകങ്ങളുടേയും വസ്തുക്കളുടേയും സംരക്ഷണവും വികസനവും, ഡെസ്റ്റിനേഷൻ റെപ്രസന്റേഷൻ സേവനങ്ങൾ ഇവന്റ് മാനേജ്മെന്റ്, അനുഭവ സംപത്ത് പങ്കുവയ്ക്കൽ, ആതിഥ്യമര്യാദ എന്നീ കാര്യങ്ങളിൽ സഹകരണം ഉറപ്പാക്കുക തുടങ്ങിയവയാണ് ധാരണാപത്രത്തിലെ പ്രധാനലക്ഷ്യം

**അലങ്കാര മത്സ്യകൃഷിയെക്കുറിച്ച് പഠനം**

632. ശ്രീ. എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിന്റെ കീഴിൽ അലങ്കാര മത്സ്യകൃഷി നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ ഈ പദ്ധതി ആരംഭിക്കുമോ ;

(ബി) അലങ്കാരമത്സ്യകൃഷി പദ്ധതി നടപ്പിലാക്കിയാൽ സംസ്ഥാനത്തിന് നല്ല തോതിൽ വിദേശനാണ്യം കണ്ടെത്താൻ കഴിയുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനുവേണ്ടി എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ ;

(സി) ഈ പദ്ധതി മുൻഗണനാപ്രാധാന്യം നൽകി നടപ്പിലാക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**പ്രൊഫ. കെ.വി.തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ച് പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

(സി) മത്സ്യ കർഷക വികസന ഏജൻസി മുഖേന ഈ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ജില്ലകളിൽ സ്കീം തയ്യാറാക്കിവരുന്നു. കൂടാതെ അലങ്കാര മത്സ്യകൃഷിയിലേർപ്പിട്ടിരിക്കുന്നവർക്ക് ഹാച്ചറി ഉൾപ്പെടെ സംയോജിത യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പരമാവധി 1,50,000/- രൂപ വരെ സബ്സിഡിയായി

നൽകുന്നതിന് മത്സ്യ കർഷക വികസന ഏജൻസിയുടെ പദ്ധതി വിഭാവനം ചെയ്യുന്നു. അലങ്കാര മത്സ്യകൃഷിക്കു മാത്രമായുള്ള പ്രത്യേക പരിശീലന പരിപാടികളും അലങ്കാര മത്സ്യവിത്തുല്പ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നവർക്കാവശ്യമായ സാങ്കേതിക സഹായങ്ങളും ഏജൻസിവഴി നൽകുവാൻ ഉദ്ദേശിക്കുന്നു.

അലങ്കാര മത്സ്യകൃഷിയുടെ പ്രചാരണത്തിനും പ്രോത്സാഹനത്തിനുമായി വിവിധ മത്സ്യകർഷക ഏജൻസികളുടെ ആഭിമുഖ്യത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്.

## സമ്പൂർണ്ണ വൈദ്യുതവൽക്കരണം

633. ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. കെ.കെ. ഷാജു :
ശ്രീ. എ.എൻ. രാജൻ ബാബു :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി എത്തിച്ചേർന്നിട്ടില്ലാത്ത എത്ര ഗ്രാമപഞ്ചായത്ത് വാർഡുകളുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പ്രദേശങ്ങളിൽ എന്നത്തേക്ക് വൈദ്യുതി എത്തിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു ;

(സി) എല്ലാ വീടുകളിലും വൈദ്യുതി എത്തിച്ചേർന്ന ഏതെല്ലാം പഞ്ചായത്തുകളുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്തെ പൂർണ്ണമായി വൈദ്യുതവൽക്കരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തിവകുപ്പുമന്ത്രി):-**

(എ) വൈദ്യുതി എത്തിച്ചേർന്നിട്ടില്ലാത്ത 50 ഗ്രാമ പഞ്ചായത്ത് വാർഡുകളുണ്ട്.

(ബി) ഈ പ്രദേശങ്ങളിൽ നിന്നും വൈദ്യുതി കണക്ഷനുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് വൈദ്യുതി എത്തിക്കുവാനുള്ള നടപടികൾ തുടങ്ങാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) എല്ലാ വീടുകളിലും വൈദ്യുതി എത്തിച്ചേർന്ന പഞ്ചായത്തുകൾ നിലവിലില്ല.

(ഡി) 2007-ാം മാണ്ട് ആകുംപോഴേക്കും ഗാർഹിക കണക്ഷനുവേണ്ടിയുള്ള എല്ലാ അപേക്ഷകർക്കും വൈദ്യുതി എത്തിക്കുക എന്നാണ് ബോർഡ് ലക്ഷ്യമിട്ടിരിക്കുന്നത്.

## ആദിവാസി ഊരുകളിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ

634. ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി ഊരുകളിൽ ആശ്രമംപോലുള്ള വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര സ്ഥലത്ത് ;

(സി ഇത്തരം വിദ്യാലയങ്ങൾ ഇല്ലാത്തപക്ഷം അവ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ഡോ. എം.എ. കുട്ടപ്പൻ (പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി):-**

(എ&ബി) : ഇല്ല.

എന്നാൽ പട്ടികവർഗ്ഗവികസന വകുപ്പിന്റെ കീഴിൽ മഞ്ചേരി, നൂൽപ്പുഴ, പാലക്കാട്, തിരുനെല്ലി എന്നീ സ്ഥലങ്ങളിൽ ആശ്രമം സ്കൂളുകൾ പ്രവർത്തിക്കുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## മത്സ്യത്തൊഴിലാളി മേഖലയിൽ വർദ്ധിച്ചുവരുന്ന പട്ടിണിയും ദാരിദ്ര്യവും പരിഹരിക്കുവാൻ നടപടികൾ

635. ശ്രീ. എം.വി. ജയരാജൻ :
ശ്രീ. ടി.കെ. ദേവകുമാർ :
ശ്രീ. വി.കെ.സി.മമ്മതുകോയ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി മേഖലയിൽ വർദ്ധിച്ചുവരുന്ന പട്ടിണിയും ദാരിദ്ര്യവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ തൊഴിൽ ഇല്ലാത്ത അവസരങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് മറ്റെന്തെങ്കിലും തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ ;

(സി) മത്സ്യത്തൊഴിലാളി മേഖലയിലെ രൂക്ഷമായ പാർപ്പിട പ്രശ്നം പരിഹരിക്കാൻ സർക്കാർ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ?

**ഉത്തരം**

**പ്രൊഫ. കെ.വി.തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ദേശീയമത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ 50% ധനസഹായത്തോടെ വീടൊന്നിന് 40,000 രൂപ നിരക്കിൽ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇതിനായി നടപ്പുവർഷം ബഡ്ജറ്റിൽ 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് അധിക ധനസഹായമായി അനുവദിച്ചിട്ടുള്ള 15 കോടി രൂപയുടെ പദ്ധതിയിൽ 4500 വീടുകൾ പുതുക്കി പണിയുന്നതിന് ധനസഹായം നൽകുന്ന കാര്യം പരിഗണിച്ചുവരുന്നു. കൂടാതെ മത്സ്യമേഖലയിൽ സാമൂഹ്യ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി തയ്യാറാക്കുന്ന പുതിയ പദ്ധതിയനുസരിച്ച്, വരുന്ന അഞ്ചു കൊല്ലം കൊണ്ട് ഭവന നിർമ്മാണത്തിനായി 200 കോടി രൂപയും, ഭവനങ്ങൾ പുതുക്കിപ്പണിയുന്നതിനായി 24 കോടിരൂപയും വിവിധ കേന്ദ്ര ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സമാഹരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## വിനോദസഞ്ചാരികളുടെ താമസസൗകര്യം വർദ്ധിപ്പിക്കുവാൻ നടപടി

636. ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. ജോർജ് ജെ. മാത്യു:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
ശ്രീ. എം.എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിനോദസഞ്ചാരികൾക്ക് താമസിക്കുവാൻ മതിയായ സൗകര്യങ്ങൾ ലഭ്യമാണോ ;

(ബി) വിനോദസഞ്ചാരികളുടെ താമസസൗകര്യം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത് ;

(സി) വിദേശ വിനോദസഞ്ചാരികൾക്ക് സംസ്ഥാനത്തിന്റെ കലാസാംസ്കാരിക രംഗത്തെപ്പറ്റി മനസ്സിലാക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങൾ ചെയ്തുകൊടുക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**പ്രൊഫ. കെ.വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി):-**

(എ) ലഭ്യമാണ്.

(ബി) താമസസൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കോഴിക്കോട്, മണ്ണാർകാട്, തിരുനെല്ലി, കൊണ്ടോട്ടി, ഗുരുവായൂർ, പുനലൂർ എന്നിവിടങ്ങളിൽ ടൂറിസം വകുപ്പിന്റെ യാത്രിനിവാസുകൾ പണിതീർന്നുവരികയാണ്. അടൂരിൽ ടൂറിസ്റ്റ് ലോഡ്ജിന്റെ ഉൽഘാടനം കഴിഞ്ഞു. എറണാകുളത്ത് ഒരു അഡീഷണൽ ഗസ്റ്റ്ഹൗസിന്റെ പണി

പുരോഗമിച്ചുവരുന്നു. ഇതിനുപുറമെ സ്വകാര്യമേഖലയിലും താമസസൗകര്യങ്ങൾ ഉണ്ടാക്കുന്നുണ്ട്.

(സി) ടൂറിസംവകുപ്പ് വർഷംതോറും സംഘടിപ്പിച്ചുവരുന്ന ജലതരംഗം, നിശാഗന്ധി നൃത്ത-സംഗീതോത്സവം, ടൂറിസം വാരാഘോഷം എന്നീ പരിപാടികളിലൂടെയും ബ്രോഷറുകൾ, സി.ഡി.റോം, വെബ്സൈറ്റ് എന്നിവയിലൂടെയും കലാ സാംസ്ക്കാരിക രംഗങ്ങളെപ്പറ്റി മനസ്സിലാക്കുന്നതിനുള്ള സൗകര്യങ്ങൾ ഇപ്പോൾ ചെയ്തുകൊടുക്കുന്നുണ്ട്.

*******